സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകണമെന്ന അപേക്ഷ

27 (960) ശ്രീ. ഏളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിപ്രകാരം കോഴിക്കോട് മെഡിക്കൽ കോളേജിലെ ടെലിഫോൺ ഓപ്പറേറ്ററായിരിക്കെ അന്തരിച്ച ശ്രീധരന്റെ ആശ്രിതൻ കെ. സുരേശന് നിയമനം നൽകണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത അപേക്ഷ സർക്കാരിന്റെ സജീവ പരിശോധനയിലാണ്.

കേരളത്തിന്റെ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികൾ

28 (961) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ആസൂത്രണ ബോർഡ് കേരളത്തിന്റെ വികസനം ലക്ഷ്യമാക്കി ഏതൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് ഇതിനകം നടപ്പിലാക്കിയത് ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ആസൂത്രണ ബോർഡ് തയ്യാറാക്കിയ പദ്ധതികൾക്ക് ബാങ്ക് വായ്പ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സമീപനവും ബാങ്ക് വായ്പ നയത്തിലെ അപാകതകളും സംസ്ഥാനത്തിന്റെ വികസന സാധ്യതകളെ മുരടിപ്പിക്കുന്നതാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സംസ്ഥാന സമ്പദ്ഘടനയുടെ ആനുകാലിക പ്രശ്നങ്ങളെ കുറിച്ചുള്ള എന്തെല്ലാം സർവ്വേകളും പഠനങ്ങളുമാണ് ആസൂത്രണ ബോർഡ് നടത്തിയത് ; ഓരോ സർവ്വേയെയുംപ്പറ്റി വിശദീകരിക്കുമോ ;

(എഫ്) ഈ സർവ്വേയിൽ ആരുടെയെല്ലാം സഹായമാണ് ആസൂത്രണ ബോർഡ് സ്വീകരിച്ചത് ; ഇത്തരം സർവ്വേയിലും ഗവേഷണത്തിലും എത്ര വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly